# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/231/2017 2017 നവംബർ 03

## <u>പത്രക്കുറിപ്പ്</u>

### എം.ജി. ബി.ടെക്: ഇന്റേണൽ റീ - ഡു പരീക്ഷയ്ക്ക് അവസരം നൽകും

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 2010ലെ ബി.ടെക് പരീക്ഷാ ചട്ടങ്ങൾ ഭേദഗതി ചെയ്ത് തിയറി പരീക്ഷകളുടെ ഇന്റേണൽ അസ്സസ്മെന്റിന് വീണ്ടും അവസരം ലഭ്യമാക്കും. തിയറി പരീക്ഷയിൽ ഉയർന്ന മാർക്ക് ലഭിച്ചിട്ടും ഇന്റേണൽ പരീക്ഷകളിലെ മാർക്ക് കുറവ് മൂലം നിരവധി ബി.ടെക് വിദ്യാർത്ഥികൾ പരീക്ഷ പാസാകാതെ വരുന്ന സാഹചര്യം കണക്കിലെടുത്തും ഇതു സംബന്ധിച്ച് സർവ്വകലാശാലയ്ക്ക് ലഭിച്ച നിരവധി നിവേദനങ്ങളുടെയും അപേക്ഷകളുടെയും അടിസ്ഥാനത്തിലും ഇക്കാര്യം പരിശോധിച്ച് യുക്തമായ പരിഹാരം നിർദ്ദേശിക്കുന്നതിന് സർവ്വകലാശാല അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി മൂന്നംഗ സമിതിയെ നിയോഗിക്കുകയുണ്ടായി. വിശദമായ പഠനത്തിനുശേഷം സമിതി സമർപ്പിച്ച റിപ്പോർട്ട് വൈസ് ചാൻസലർ അംഗീകരിച്ചു. വ്യവസ്ഥകളോടെ 2010 അഡ്മിഷൻ മുതലുള്ള ബി.ടെക് വിദ്യാർത്ഥികൾക്ക് ഇന്റേണൽ റീ - ഡു പരീക്ഷകൾക്ക് അവസരം നൽകും. ബി.ടെക് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായിരിക്കും ഇന്റേണൽ റീ - ഡു അവസരം ലഭിക്കുക. ഇന്റേണൽ റീ - ഡു സൗകര്യം തിയറി പരീക്ഷയുടെ ഇന്റേണൽ ഘടകത്തിന് മാത്രം ബാധകമായിരിക്കും. ഇന്റേണൽ റീ-ഡു പാസാകാത്ത തിയറി പരീക്ഷകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. തിയറി പരീക്ഷയ്ക്ക് കുറഞ്ഞത് നാൽപ്പത് മാർക്കെങ്കിലും ലഭിച്ചവർക്കായിരിക്കും ഈ സൗകര്യം ലഭിക്കുക. ഇന്റേണൽ റീഡു പരീക്ഷയിലൂടെ പരമാവധി 35 മാർക്കാണ് വിജയത്തിനായി പരിഗണിക്കുക. സർവ്വകലാശാലയുമായി നിലവിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഇന്റേണൽ റീ-ഡു സൗകര്യം ഒരുക്കുന്നതാണ്. ഈ സൗകര്യം ലഭ്യമാവുന്ന വിഷയങ്ങൾ/സെമസ്റ്റർ/കേന്ദ്രങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പിന്നീട് പ്രസിദ്ധപ്പെടുത്തും. ഇന്റേണൽ റീ-ഡു പരീക്ഷകൾക്ക് കോളേജ്തല ഏകോപന അധികാരിയെ ചുമതലപ്പെടുത്തും. പേപ്പറൊന്നിന് 2000 രൂപ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതാണ്.

എം.ജി. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷനായുള്ള കേരളത്തിലെ സർവ്വകലാശാലകളുടെ ഇന്റേണൽ അസസ്മെന്റ് ഇവാല്യുവേഷൻ കമ്മിറ്റി സമർപ്പിച്ച പ്രധാന ശുപാർശയാണ് ഇപ്പോൾ എം.ജി.യിൽ നടപ്പിലാക്കുന്നത്. ഇന്റേണൽ പരീക്ഷകൾക്ക് കുറഞ്ഞ മാർക്ക് ലഭിച്ചതിന്റെ പേരിൽ ബി.ടെക് പൂർത്തിയാക്കാൻ സാധിക്കാത്ത ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

**പരീക്ഷാ തീയതി**

ബി.ടെക് നവംബർ/ഡിസംബർ 2017 പരീക്ഷകൾ നവംബർ 23ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

മൂന്നും അഞ്ചും ഒൻപതും സെമസ്റ്റർ ബി.ആർക്ക് പരീക്ഷകൾ യഥാക്രമം നവംബർ 22, 23, 24 തീയതികളിൽ ആരംഭിക്കും. ഇന്റേണൽ മാർക്കുകൾ നിശ്ചിതസമയത്തിനുള്ളിൽ അപ്ലോഡ് ചെയ്യാത്ത കോളേജുകളിൽ നിന്നും സർവ്വകലാശാലാ ഉത്തരവ് അനുസരിച്ചുള്ള പിഴ ഈടാക്കുന്നതാണ്.

**അപേക്ഷാ തീയതി**

നാലാം സെമസ്റ്റർ എം.എ. ചെണ്ട, മദ്ദളം ഡിഗ്രി പരീക്ഷകൾ നവംബർ 15ന് നടത്തും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 7 വരെയും 50 രൂപ പിഴയോടെ 8 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 10 വരെയും സ്വീകരിക്കും.

**പരീക്ഷ മാറ്റിവച്ചു**

നവംബർ 14, 16, 20, 22, 24 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ/ബി.കോം (സി.ബി.സി.എസ്.എസ്. - പ്രൈവറ്റ് രജിസ്ട്രേഷൻ) റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം ഡിസംബർ 6, 8, 11, 13, 15 തീയതികളിലേക്ക് മാറ്റി നിശ്ചയിച്ചു.

**ബി.എഡ്. മേഴ്സി ചാൻസ്**

2006, 2008 അഡ്മിഷനിലുള്ള ബി.എഡ്. വിദ്യാർത്ഥികൾക്കനുവദിച്ച മേഴ്സി ചാൻസ് പരീക്ഷ നവംബർ 9ന് ആരംഭിക്കും. കോട്ടയം മൗണ്ട് കാർമ്മൽ കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ മാത്രമായിരിക്കും പരീക്ഷാ കേന്ദ്രം.

**പ്രത്യേക പരീക്ഷ**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിലെ വിദ്യാർത്ഥിയ്ക്കായി നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എ. മലയാളം സ്പെഷ്യൽ പരീക്ഷ നവംബർ 10ന് രാവിലെ 9.30 മുതൽ 12.30 വരെ നടത്തുന്നതാണ്.

**പ്രാക്ടിക്കൽ**

മൂന്നാം സെമസ്റ്റർ ബി.എഡ്. (റഗുലർ/സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ നവംബർ 13 മുതൽ 30 വരെ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

മൂന്നാം സെമസ്റ്റർ എം.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ - ഇന്റലക്ചൽ ഡിസെബിലിറ്റി (റഗുലർ/സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ നവംബർ 6ന് മൂവാറ്റുപുഴ നിർമ്മലാ സദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷ്യൽ എജ്യൂക്കേഷനിൽവച്ച് നടത്തുന്നതാണ്.

**പി.എച്ച്.ഡി. നൽകി**

ബയോ സയൻസസിൽ ലിഷ പി. ലൂക്കിനും, മാനേജ്മെന്റ് സ്റ്റഡീസിൽ എസ്. ഹരിക്കും, എൻവയോൺമെന്റൽ സയൻസസിൽ നവ്യ ചെറിയാനും, കെമിസ്ട്രിയിൽ എ.എസ്. ദിവ്യയ്ക്കും അർച്ചന എസ്. നായർക്കും, വി.എ. സിജുമോനും, എഡ്യൂക്കേഷനിൽ ജോസഫൈൻ ജോസഫിനും, ആർ. പ്രശാന്തിനും, ബയോ കെമിസ്ട്രിയിൽ എസ്. ശ്രീജയ്ക്കും, കൊമേഴ്സിൽ ജിഷ ജോർജിനും, ഹിന്ദിയിൽ മിനി വറുഗീസിനും, ഇക്കണോമിക്സിൽ എബ്രഹാം ബാബുവിനും ഇംഗ്ലീഷിൽ എം. രാകേഷ് ബാബുവിനും, പി.ജെ. ഗായത്രിക്കും മലയാളത്തിൽ ജിബു തോമസിനും, സംസ്കൃതത്തിൽ എം.എസ്. ശ്യാമിനും, പൊളിറ്റിക്സിൽ എം.ജി. അജയിനും മഹാത്മാഗാന്ധി സർവ്വകലാശാല പി.എച്ച്.ഡി. നൽകാൻ തീരുമാനിച്ചു.

**എം.ജി. ഓൺലൈൻ ഫീസ്: അക്ഷയകേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തി**

എം.ജി. സർവ്വകലാശാലയിൽ നവംബർ 1 മുതൽ ആരംഭിച്ച ഓൺലൈൻ ഫീസ് സംവിധാനത്തിന് അക്ഷയകേന്ദ്രങ്ങളിലും സൗകര്യമേർപ്പെടുത്തി. അക്ഷയ കേന്ദ്രങ്ങളിലൂടെ ഫീസടയ്ക്കുന്ന സേവനത്തിന് പേമെന്റ് ഗേറ്റ്വേ ട്രാൻസാക്ഷൻ ഫീസിനു പുറമെ പരമാവധി 20 രൂപ സർവ്വീസ് ചാർജ് മാത്രമേ ഈടാക്കുകയുള്ളൂ. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും ഇ പേയ്മെന്റിനുള്ള സൗകര്യവും ഹെൽപ്പ് ഡെസ്കും ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ കോളേജധികൃതർക്കും സർവ്വകലാശാല നൽകിയിട്ടുണ്ട്. സർവ്വകലാശാലാ ഫീസുകൾ എ.ടി.എം. ഡെബിറ്റ് കാർഡുകൾ/ക്രെഡിറ്റ് കാർഡുകൾ/ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ ഉപയോഗിച്ചുകൊണ്ട് www.epayment.mgu.ac.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് ഓൺലൈനായി ഫീസടയ്ക്കുന്നതിനുള്ള സൗകര്യമാണ് നിലവിൽ സർവ്വകലാശാല ഏർപ്പെടുത്തിയിട്ടുള്ളത്. ഓൺലൈൻ പേയ്മെന്റ് സംബന്ധിച്ച പരാതികൾക്കും സഹായത്തിനുമായി 0481 - 2733434, 2733581 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**ജൈവം 2017: രണ്ടാംഘട്ട പരിശീലന പരിപാടിക്ക് തുടക്കമായി**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അന്തർസർവ്വകലാശാലാ സുസ്ഥിര ജൈവ കൃഷി പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ഇതര പ്രദേശങ്ങളിൽക്കൂടി ജൈവ സന്ദേശം എത്തിക്കാനുള്ള നടപടികൾ കൈക്കൊള്ളുമെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു. അന്തർസർവ്വകലാശാലാ ജൈവ കൃഷിപഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൈവം 2017 രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നാഷണൽ സർവ്വീസ് സ്കീം പ്രോഗ്രാം

ഓഫീസർമാർക്കായി ആരംഭിച്ച ത്രിദിന സംസ്ഥാനതല പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു വൈസ് ചാൻസലർ. പിണറായി, പറപ്പൂക്കര, ചിങ്ങോലി, കഞ്ഞിക്കുഴി, റാന്നി, മഞ്ഞപ്ര, മൂന്നാർ എന്നീ പഞ്ചായത്തുകളിലും മാനന്തവാടി മുനിസിപ്പിലാറ്റിയിലും ഇതോടനുബന്ധിച്ച് മാതൃകാ ജൈവ സാക്ഷരതാ യജ്ഞം നടത്തുമെന്ന് വൈസ് ചാൻസലർ പ്രഖ്യാപിച്ചു. ഡിസംബർ 23 മുതൽ 31 വരെ നടത്തുന്ന, നാഷണൽ സർവ്വീസ് സ്കീം സപ്തദിന ക്യാമ്പുകളിലൂടെയാകും ജൈവ സാക്ഷരതാ പരിപാടി സംഘടിപ്പിക്കുക. ജൈവ സാക്ഷരത കേരളീയരുടെ ജീവിത രീതികളിലെ അപാകങ്ങൾ പരിഹരിക്കുവാൻ ഉപകരിക്കുമെന്ന് രജിസ്ട്രാറും അന്തർസർവ്വകലാശാലാ ജൈവകൃഷി പഠനകേന്ദ്രം ഡയറക്ടറുമായ എം.ആർ. ഉണ്ണി പറഞ്ഞു. പ്രശസ്ത ജൈവ പ്രചാരകനായ കെ.വി. ദയാൽ, സർവ്വകലാശാലാ എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സന്തോഷ് പി. തമ്പി, ജൈവം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ, ജോ പൈനാപ്പള്ളി, അബ്രാഹം പി. മാത്യു, ജയപ്രകാശൻ സി.എസ്. എന്നിവർ ചടങ്ങിൽ സംസാരിച്ചു.

അടിക്കുറിപ്പ്

**മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അന്തർസർവ്വകലാശാലാ സുസ്ഥിര ജൈവ കൃഷി പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാഷണൽ സർവ്വീസ് സ്കീം പ്രോഗ്രാം ഓഫീസർമാർക്കായി ആരംഭിച്ച ത്രിദിന സംസ്ഥാനതല പരിശീലന പരിപാടിയുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു**

**എം.ജി.യിൽ വി.സി. ഹാരിസ് വൈജ്ഞാനിക സദസ്സ്**

കോട്ടയം: പ്രമുഖ നിരൂപകനും ചിന്തകനും സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടറുമായിരുന്ന ഡോ. വി. സി. ഹാരിസിന്റെ സ്മരണാർത്ഥം രണ്ടു ദിവസം നീണ്ടുനിൽക്കുന്ന വൈജ്ഞാനിക സദസ്സ് എം. ജി. സർവ്വകലാകാലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സ് നവംബർ 8, 9 തീയതികളിൽ സംഘടിപ്പിക്കുന്നു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ എട്ടാം തീയതി രാവിലെ 10 മണിക്കു സദസ്സ് ഉദ്ഘാടനം ചെയ്യും. കെ. എം. കൃഷ്ണന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ അഡ്വ. കെ. സുരേഷ് കുറുപ്പ് അതിഥിയാവും.

തുടർന്ന് ഹാരിസിന്റെ കലാസാഹിത്യസാംസ്കാരിക സംഭാവനകളെപ്പറ്റി സ്കറിയാ സക്കറിയ, മീന റ്റി. പിള്ള, സി. എസ്. വെങ്കിടേശ്വരൻ, ടി. എം. യേശുദാസൻ എന്നിവർ സംസാരിക്കും. ഉച്ചയ്ക്കു ശേഷം ഹാരിസിന്റെ ഇടപെടലുകളെപ്പറ്റിയുള്ള പാനൽ ചർച്ചയാണ്. കെ. ഷെറഫുദീൻ, സണ്ണി എം. കപിക്കാട്, എസ്. ജോസഫ്, ഷാജി ജേക്കബ്, മനോജ് കുറൂർ, എം. ആർ. രേണുകുമാർ, എം. ബി. മനോജ്, ചെറി ജേക്കബ് എന്നിവർ പങ്കെടുക്കും. ഉമർ തറമേൽ മോഡറേറ്ററാവും. വൈകിട്ട് 6ന് ഫിലിം സ്ക്രീനിംഗ്. സ്കൂൾ ഓഫ് ലെറ്റേഴ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ 'ബൈറ്റ്സ് ഓൺ ഹാരിസ്' എന്ന ഡോക്യുമെന്ററിയും അജു കെ. നാരായണൻ സംവിധാനം ചെയ്ത 'ക്രാപ്പും കുറുപ്പും' എന്ന ഹ്രസ്വസിനിമയും പ്രദർശിപ്പിക്കും.

നവംബർ 9നു രാവിലെ പത്തു മണിക്കു നടക്കുന്ന സമ്മേളനത്തിൽ സി. ബി. സുധാകരൻ, എം. വി. നാരായണൻ, കെ. എം. ഷെറീഫ്, പി. ബാലചന്ദ്രൻ, ജോസി ജോസഫ് എന്നിവർ സംസാരിക്കും. ഉച്ചയ്ക്കു ശേഷം നടക്കുന്ന പാനൽ ചർച്ചയിൽ ബീനാ പോൾ, അൻവർ അലി, സത്യപാൽ, കെ. എം. അനിൽ, കെ. പി. ജയകുമാർ, എ. എം. ഗീവർഗീസ്, കെ. വി. ശശി, അജയ് ശേഖർ, ജെയ്സൺ ജോസഫ്, അൻവർ അബ്ദുള്ള, രേഖാരാജ്, ബിജുലാൽ എന്നിവർ പങ്കെടുക്കും. കെ. എം. സീതി ചർച്ച മോഡറേറ്റ് ചെയ്യും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**